**കോഫെപോസ പ്രതികൾക്ക് എസ്കോർട്ട്**

**42 (1785) ശ്രീ. എൻ. ശക്തൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഫെപോസ പ്രതികൾക്ക് എസ്കോർട്ട് ഡ്യൂട്ടിക്കായി തിരുവനന്തപുരം എ. ആർ. ക്യാമ്പിൽ സ്ഥിരമായി പോലീസുകാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) കോഫെപോസ പ്രതികളുടെ എസ്കോർട്ട് ഡ്യൂട്ടിക്കായി സ്ഥിരം ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നിയമമുണ്ടോ ;

(സി) ഇവരെ സ്ഥിരമായി നിയമിക്കുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുമോ ;

(ഡി) ഇപ്രകാരം സ്ഥിരമായി നന്ദാവനം എ. ആർ. ക്യാമ്പിൽനിന്നും എസ്കോർട്ട് ഡ്യൂട്ടി പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രത്യേക നിയമമില്ല.

(സി) സ്ഥിരമായി ആരെയും നിയമിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**കണ്ണൂർ ജില്ലയിൽ കെമിക്കൽ എക്സാമിനേഷൻ ലാബ്**

**43 (1786) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെമിക്കൽ എക്സാമിനേഷൻ ലാബ് എവിടെ എല്ലാമാണുള്ളത് ;

(ബി) കണ്ണൂർ ജില്ലയിൽ കെമിക്കൽ എക്സാമിനേഷൻ ലാബ് സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ആസ്ഥാന ലബോറട്ടറിയും എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ലബോറട്ടറികളുമാണുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly